14	പി.എച്ച്.സി., അറകുളം	1
15	പി.എച്ച്.സി., തൊടുപുഴ	4 (പുതുതായി അനുവദിച്ച 3 തസ്തിക ഉൾപ്പെടെ)
16	ജില്ലാ ആശുപത്രി, ആലക്കോട്	1
	ആകെ	26

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെ 50% ഒഴിവുകൾ വിവിധ വകുപ്പുകളിലെ പാർട്ട്ടൈം സ്വീപ്പറുടെ കോമൺ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ജില്ലാ കളക്ടർ നൽകുന്ന ക്രമത്തിലാണ് നിയമനം നടത്തുന്നത്. അതിനായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാരിൽ നിന്നും പ്രൊമോഷന് സന്നദ്ധരായിട്ടുള്ളവരിൽ നിന്നും പ്രൊമോഷൻ നടത്തി ബാക്കി 50% ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006

103 (2381) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം -2006 പ്രകാരവും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ പ്രകാരവും സംസ്ഥാനത്ത് (ജില്ല തിരിച്ച്) ലൈസൻസും രജിസ്ട്രേഷനും നല്കുന്ന അധികാര സ്ഥാനങ്ങൾ ആരെല്ലാമെന്നും ഓരോ വർഷവും എത്ര പേർ രജിസ്ട്രേഷൻ സ്വീകരിച്ചു എന്നും പ്രസ്തുത അധികാര സ്ഥാനത്തിന്റെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും വിഷലിപ്തമായ ഉല്പന്നങ്ങൾ വില്ക്കുന്നതും, ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ചും റിപ്പോർട്ട ചെയ്യപ്പെട്ട കേസുകൾ എത്ര; ഭക്ഷ്യ വിഷബാധയേറ്റ് ഓരോ വർഷവും മരണപ്പെട്ടവർ എത്ര; ഇതിനു കാരണക്കാരായ വിപണനക്കാർ ആരെല്ലാം; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ;

(സി) 2015-16 വർഷം ഹോട്ടലുകളിൽ എത്ര റെയ്ഡുകൾ നടത്തി എന്നും കുറ്റക്കാരായി എത്ര പേരെ കണ്ടെത്തി എന്നും എത്ര തുക ഫൈൻ ആയി ലഭിച്ചു എന്നും മറ്റ് എന്ത് നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു എന്നും വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലൈസൻസ് നൽകുവാനുള്ള അധികാരം അതാത് ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഓഫീസർക്കും (അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി) രജിസ്ട്രേഷൻ നൽകുവാൻ അതാത് സ്ഥലങ്ങളിലെ ഫുഡ് സേഫ്റ്റി ഓഫീസർമാരേയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതുപ്രകാരം സംസ്ഥാനത്ത് 2011 മുതൽ 2016 വരെ നൽകിയ രജിസ്ട്രേഷന്റെ എണ്ണം ജില്ല തിരിച്ച് മറുപടി അനുബന്ധമായിചേർക്കുന്നു* .

(ബി) ഈ സർക്കാർ കാലയളവിൽ വിഷലിപ്തമായ ഉല്പന്നങ്ങൾ വിൽക്കുന്നതും ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ച് ഇതിനകം 57 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012-ൽ ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച പ്രോസിക്യൂഷൻ കേസ്സ് നിലവിലുണ്ട്.

(സി) 2015-16 വർഷം സംസ്ഥാനമൊട്ടാകെ ഹോട്ടലുകളിൽ 5038 റെയ്ഡ് നടത്തിയതിൽ 153 പേർക്ക് എതിരെ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും 31,65,500 രൂപ ഫൈനായി ഈടാക്കിയിട്ടുള്ളതുമാണ്.

ആശ വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ

104 (2382) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആശാ വർക്കർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പ്രവർത്തി സമയവും പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

ഉത്തരം

(എ) കേരളത്തിൽ ആശാ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly